കേരള സർക്കാർ GOVERNMENT OF KERALA
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
THE STATE INSTITUTE OF LANGUAGES
നാളന്ദ, തിരുവനന്തപുരം– -695 003, കേരള
Nalanda, Thiruvananthapuram - 695 003, Kerala

തീയതി : 01.04.2019

**പ്രസിദ്ധീകരണത്തിന്**

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകശാല തിരുവനന്തപുരത്ത് സ്റ്റാച്യൂവിൽ പ്രവർത്തനമാരംഭിച്ചു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പുസ്തകവിൽപ്പനശാല തിരുവനന്തപുരത്ത് സ്റ്റാച്യു വിൽ പ്രവർത്തനമാരംഭിച്ചു. വിദ്യാഭ്യാസവകുപ്പ് മുൻമന്ത്രി എം.എ.ബേബി ആദ്യ വില്പന നടത്തി പുസ്തകശാല ഉദ്ഘാടനം ചെയ്തു. പാരിതോഷികങ്ങൾ പുസ്തകങ്ങളായി സമ്മാനിക്കുന്ന ഒരു സാംസ്കാരിക മനസ്സ് മലയാളികൾക്കു ാകണമെന്ന് അദ്ദേഹം അഭി പ്രായപ്പെട്ടു.

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ.വി.കാർത്തികേയൻ നായർ അധ്യ ക്ഷത വഹിച്ചു. പുസ്തകങ്ങൾ വീടുകളിലെത്തിച്ചു കൊടുക്കുന്ന പദ്ധതിയും ഇതിനോ ടൊപ്പം ആവിഷ്കരിച്ചിട്ടു ന്ന് ഡയറക്ടർ സൂചിപ്പിച്ചു. കവി ഏഴാച്ചേരി രാമചന്ദ്രൻ, പള്ളിയറ ശ്രീധരൻ, പ്രൊഫ.കെ.എൻ.ഗംഗാധരൻ, കാരയ്ക്കാമണ്ഡപം വിജയകുമാർ, എസ്.രാജശേഖരൻ, ഡോ.ഷിബുശ്രീധർ, സി.അശോകൻ എന്നിവർ സംസാരിച്ചു. രാവിലെ 9മണി മുതൽ രാത്രി 9 മണി വരെയാണ് വിൽപ്പനശാലയുടെ പ്രവർത്തന സമയം. പ്രസ് റോഡിലു ായിരുന്ന സംസ്കാര പുസ്തകവിൽപ്പനശാലയാണ് സ്റ്റാച്യുവിലേക്ക് മാറ്റിയത്.

പി.ആർ.ഒ (I/c)

9447956162

**പ്രൊഫ.വി.കാർത്തികേയൻ നായർ**
ഡയറക്ടർ